# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം. പി.ആർ.180b /2024 തിരുവനന്തപുരം, തീയതി: 12/08/2024

## പത്രക്കുറിപ്പ്

## എൻ.ഐ.ആർ.എഫ്. റാങ്കിംഗിൽ കേരള സർവ്വകലാശാല സ്റ്റേറ്റ് യൂണിവേഴ്സിറ്റികളിൽ രാജ്യത്ത് ഒമ്പതാമത് ...

നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (**NIRF**) മൂല്യ നിർണ്ണയത്തിൽ കേരള സർവ്വകലാശല രാജ്യത്തെ സ്റ്റേറ്റ് പബ്ലിക് യൂനിവേഴ്സിറ്റികളിൽ ഒമ്പതാം സ്ഥാനം കരസ്ഥമാക്കി. കഴിഞ്ഞ വർഷം രാജ്യത്തെ മൊത്തം സർവ്വകലാശാലകളിൽ കേരള സർവ്വകലാശാല ഇരുപത്തി നാലാം സ്ഥാനത്ത് ആയിരുന്നു. ഇത്തവണ അത് ഇരുപത്തി ഒന്നാം സ്ഥാനത്തേക്ക് ഉയർന്നു. കഴിഞ്ഞ വർഷത്തെ മൂല്യനിർണ്ണയ രീതികളിൽ നിന്ന് വ്യത്യസ്തമാണ് ഈ വർഷത്തെ മാന ദണ്ഡങ്ങൾ . എല്ലാ സർവ്വകലശാലകളേയും ഒരുമിച്ച് റാങ്കു ചെയ്തതിനൊപ്പം സ്റ്റേറ്റ് പബ്ലിക് യൂനിവേഴ്സിറ്റികളെ പ്രത്യേകമായി റാങ്കു ചെയ്തു. സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സർവകലാശാലകളുടെ പ്രവർത്തനമികവാണ് ഇതിലൂടെ പ്രത്യേകമായി അംഗീകരിക്കപ്പെട്ടത്. അടിസ്ഥാനസൗകര്യ വികസനരംഗത്ത് ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനും മികച്ച പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനും നൂതനമായ ലബോറട്ടറി സംവിധാനങ്ങൾ ഒരുക്കുന്നതിനും ഗവേഷണപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സർവ്വകലാശാലയ്ക്ക് സാധിച്ചത് ഈ നേട്ടത്തിന് സഹായകമായി.

അക്കാദമികമികവും ഭൗതികസാഹചര്യത്തിന്റെ തികവും ഭരണ നിർവ്വഹണപ്രഗല്ഭ്യവും നിർണ്ണയിക്കുന്ന വിവിധമാനദണ്ഡങ്ങൾ പരിശോധിക്കപ്പെട്ടു.

അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം, അടിസ്ഥാനപഠനസൗകര്യങ്ങൾ, അദ്ധ്യപകരുടെ ഗുണനിലവാരവും അനുഭവപരിചയവും ഗവേഷണ താല്പര്യവും, പഠന ഗവേഷണത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താനായി ചെലവഴിച്ച ഫണ്ടിന്റെ വിനിയോഗം , പ്രസിദ്ധീകരണങ്ങൾ, പേറ്റന്റുകൾ , സമയബന്ധിതമായുള്ള പരീക്ഷ നടത്തിപ്പും മൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും, ഇതര സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തു നിന്നുമുള്ള വിദ്യാർത്ഥികളുടെയും ഗവേഷകരുടെയും സാന്നിധ്യം,സ്ത്രീസൗഹൃദ പഠനാന്തരീക്ഷം, ഭിന്നശേഷിസൗഹൃദത്തിലൂന്നിയ അടിസ്ഥാന സൗകര്യങ്ങളും സമീപനവും എന്നീ മേഖലകളിൽ സർവ്വകലാശാലയുടെ ഉയർന്നനിലവാരം പരിഗണിക്കപ്പെട്ടു.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* 9188526670, 9188526671, 9188526674, 9188526675
**Whats App No. 8547330240**